പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 211 30-11-2015 - ൽ മറുപടിയ്ക്ക്

**മത്സ്യബന്ധന മേഖലയിലെ പ്രതിസന്ധി**

<table>
<tr><th></th><th>ചോദ്യം</th><th></th><th>ഉത്തരം</th></tr>
<tr><td></td><td>ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ.ദാസൻ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.എ.എം.ആരിഫ്:</td><td></td><td>ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി</td></tr>
<tr><td>എ)</td><td>മത്സ്യബന്ധന മേഖല ഇപ്പോൾ ആകെ പ്രതിസന്ധിയിലായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;</td><td>എ)</td><td>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.</td></tr>
<tr><td>ബി)</td><td>പ്രസ്തുത മേഖലയുടെ വികസനം സംബന്ധിച്ച പ്രഖ്യാപിത പദ്ധതികളുടെ നടത്തിപ്പിനെ കുറിച്ച് പരിശോധിക്കാറുണ്ടോ; ഈ സർക്കാരിന്റെ ബജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഇപ്പോഴും പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണ്;</td><td>ബി)</td><td><u>2011-12 സാമ്പത്തിക വർഷം നടപ്പിലാക്കാത്ത പദ്ധതി</u><br>2011-12 -ലെ ബഡ്ജറ്റ് നിർദ്ദേശത്തിൽപ്പെട്ട തീരദേശ വികസന അതോറിറ്റി രൂപീകരിക്കൽ എന്ന നിർദ്ദേശം, കേരള തീരദേശ വികസന കോർപ്പറേഷൻ നല്ല നിലയിൽ പ്രവർത്തിക്കുന്നതിനാൽ നടപ്പിലാക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.<br><u>2012-13 സാമ്പത്തിക വർഷം നടപ്പിലാക്കാത്ത പദ്ധതി</u><br>സംയോജിത കടൽ സുരക്ഷാ പദ്ധതി<br><u>2013-14 സാമ്പത്തിക വർഷം നടപ്പിലാക്കാത്ത പദ്ധതികൾ</u><br>എ) മറൈൻ ആംബുലൻസ് പദ്ധതി<br>ബി) ഐസ് & ഫ്രീസിംഗ് പ്ലാന്റ് പദ്ധതി<br><u>2014-15 സാമ്പത്തിക വർഷം നടപ്പിലാക്കാത്ത പദ്ധതി</u><br>വിഴിഞ്ഞം, പുല്ലുവിള മാതൃകാ മത്സ്യ ഗ്രാമ പദ്ധതി</td></tr>
<tr><td>സി)</td><td>ഈ സർക്കാരിന്റെ മുൻ ബജറ്റുകളിൽ വകയിരുത്തപ്പെട്ട എന്തു തുക വീതം ഓരോ വർഷവും ചെലവഴിക്കുകയുണ്ടായിട്ടില്ല എന്ന് വിശദമാക്കുമോ ;</td><td>സി)</td><td><table>
<tr><th>വർഷം</th><th>ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക (ലക്ഷത്തിൽ)</th><th>ചെലവഴിച്ച തുക (ലക്ഷത്തിൽ)</th><th>ചെലവഴിക്കാത്ത തുക (ലക്ഷത്തിൽ)</th></tr>
<tr><td>2011-12</td><td>19981.33</td><td>18891.25</td><td>1090.08</td></tr>
<tr><td>2012-13</td><td>27361</td><td>23030.416</td><td>4330.584</td></tr>
<tr><td>2013-14</td><td>29903.74</td><td>24269.57</td><td>5634.17</td></tr>
<tr><td>2014-15</td><td>36728.4</td><td>25215.1</td><td>11513.3</td></tr>
</table></td></tr>
</table>

| | | | |
|---|---|---|---|
| ഡി) | മത്സ്യമേഖലയിലെ വികസന കാര്യത്തിലും മത്സ്യത്തൊഴിലാളികളുടെ ക്ഷേമ കാര്യത്തിലും ഉണ്ടായിരിക്കുന്ന പിന്നോക്കാവസ്ഥ മൂലം മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) | വിവിധ തരത്തിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**